**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4672** **29-10-2021 - ൽ മറുപടിയ്ക്ക്**

**അഡാക്കിലേക്ക് ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അഡാക്കിന്റെ എറണാകുളം റീജിയണൽ ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കെ 16.04.2017-ന് മരണപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ കരയിൽ പുത്തൻകാട് വീട്ടിൽ പി.കെ. ദിനേശന്റെ മകൻ രജിഷ് പി.ആർ. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) | അഡാക്കിൽ ആശ്രിത നിയമനം നൽകണമെന്നാവശ്യപ്പെട്ട് 24.05.2017-ന് ശ്രീ.രജീഷ് പി.ആർ.സമർപ്പിച്ച അപേക്ഷ ടി സ്ഥാപനത്തിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള വ്യവസ്ഥകളോ ചട്ടങ്ങളോ നിലവിൽ ഇല്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി അഡാക്ക് ഗവേണിംഗ് ബോഡി പരിഗണിയ്ക്കുകയും ടിയാന് അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ആശ്രിതനിയമനത്തിനായി ശ്രീ.രജീഷ് പി.ആർ നിശ്ചിത മാതൃകയിൽ 12/02/2021-ൽ സമർപ്പിച്ച അപേക്ഷയിൻമേൽ എറണാകുളം ജില്ലാ കളക്ടർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചുവരുന്നു. |
| (ബി) | 24.05.2017-ന് സമർപ്പിച്ച അപേക്ഷയിൽ നിയമനം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; ആശ്രിത നിയമനം എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | അഡാക്കിൽ ആശ്രിത നിയമനം നൽകണമെന്നാവശ്യപ്പെട്ട് 24.05.2017-ന് ശ്രീ.രജീഷ് പി.ആർ.സമർപ്പിച്ച അപേക്ഷ ടി സ്ഥാപനത്തിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള വ്യവസ്ഥകളോ ചട്ടങ്ങളോ നിലവിൽ ഇല്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി അഡാക്ക് ഗവേണിംഗ് ബോഡി പരിഗണിയ്ക്കുകയും ടിയാന് അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ആശ്രിതനിയമനത്തിനായി ശ്രീ.രജീഷ് പി.ആർ നിശ്ചിത മാതൃകയിൽ 12/02/2021-ൽ സമർപ്പിച്ച അപേക്ഷയിൻമേൽ എറണാകുളം ജില്ലാ കളക്ടർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ